**ഭരണഭാഷ – മാതൃഭാഷ**

നമ്പർ സി 4/27030/2016/കോ.വി.വ.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം – 33
തീയതി : 13/08/2019
ഫോൺ : 0471 2303107

**സർക്കുലർ**

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - കേരള സംസ്ഥാന സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ടിട്ടുള്ള വിവിധ ജാതി സമുദായങ്ങളുടെ പ്രാതിനിധ്യം വിവര ശേഖരണം നടത്തി വെബ് പോർട്ടലിൽ ചേർക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) ഈ ഓഫീസിലെ 14.10.2018, 11.02.2019 തീയതികളിലെ സി4/27031/16/കോ.വി.വ. നമ്പർ സർക്കുലർ.

2) കേരളാ സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ- ന്റെ 10.06.2019 ലെ 811/എ2/2011/കെ.എസ്.ബി.സി.നമ്പർ കത്ത്.

കോളേജ് വിദ്യാഭ്യാസ വകുപ്പിൻ നിയന്ത്രണത്തിലുള്ള എല്ലാ ഗവൺമെന്റ് /എയ്ഡഡ് സ്ഥാപനങ്ങളിലേയ്ക്കും വിവിധ ജാതി സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് വിവര ശേഖരണം നടത്തി കേരളാ സംസ്ഥാന പിന്നോക്ക കമ്മീഷൻ ആരംഭിച്ചിട്ടുള്ള വെബ് പോർട്ടലിൽ ചേർക്കുന്നതിന് ഈ ഓഫീസിൽ നിന്ന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നു. ആയത് സംബന്ധിച്ച് വിവിധ സ്ഥാപനങ്ങളിൽ നിന്നും വെബ് പോർട്ടലിൽ ചേർത്തിട്ടുള്ള വിവര ശേഖരണങ്ങൾ പരിശോധിച്ചപ്പോൾ പ്രസ്തുത സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. ആയത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 02.07.2019 ന് ചേർന്ന ഉന്നതാധികാരി സമിതി മീറ്റിംഗിൽ കർശന നിർദ്ദേശം നൽകുകയുണ്ടായി. ആയതിനാൽ 01.07.2019 ആസ്പദമാക്കി എല്ലാ ഗവൺമെന്റ്/ എയ്ഡഡ് സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും വിവരങ്ങൾ കെ.എസ്.ബി.സി വെബ് പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. മാത്രവുമല്ല എല്ലാ ഡിഡിഒ മാരും എയ്ഡഡ് കോളേജിലെ ജീവനക്കാരുടെ ശമ്പള ബിൽ പരിശോധിച്ച് എല്ലാ ജീവനക്കാരുടെയും വിവരങ്ങൾ അപ്ലോഡ് ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. പുതിയ സ്ഥിരം ജീവനക്കാരുടെ വിവരങ്ങൾ തുടർച്ചയായി ചേർക്കുവാനും, വിരമിക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ ഡിലീഷൻ വിഭാഗത്തിലൂടെ നീക്കം ചെയ്യുന്നതിനും, ആയത് സംബന്ധിച്ച വിവരങ്ങൾ ഈ ഓഫീസിനെ അടിയന്തിരമായി അറിയിക്കുന്നതിനും ഡിഡിഒ മാർ ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ എൻട്രികൾ വെബ്പോർട്ടലിൽ 20/08/2019 നകം വരുത്തി ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-

ഡോ. സുമ കെ.കെ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

പകർപ്പ്- 1) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും //അംഗീകാരത്തോടെ//
2) ഗവൺമെന്റ് ലോ കോളേജുകൾക്ക്
3) എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാർക്ക്

സൂപ്രണ്ട്

COVERNMENT OF KERALA